2025
ഏപ്രിൽ
LK/2018/15088

# ലിറ്റിൽ ന്യൂസ്

ഗവ: ഹൈസ്കൂൾ കുറുമ്പാല

MUNDAKKUTTY PO, KUPPADITHARA, WAYANAD, 670645 littlekites15088@gmail.com

## മികവിൻെറ കേന്ദ്രമായ ജി എച്ച് എസ് കുറുമ്പാലയിലേയ്ക്ക് സ്വാഗതം




കുപ്പാടിത്തറ: ഒരു നാടിന്റെ വിദ്യാഭ്യാസ സ്വപ്നങ്ങൾക്ക് നിറം നൽകി നൂറ്റാണ്ടിന്റെ പ്രൗഡിയേടെ കുപ്പാടിത്തറയുടെ ഹൃദയ ഭാഗത്ത് സ്ഥിതി ചെയ്യുന്ന കുറുമ്പാല ഗവ.ഹൈസ്കൂൾ അക്കാദമിക നിലവാരത്തിലും ഭൗതിക സൗകര്യ വികസനത്തിലും അഭിമാനാഹമായ നേട്ടത്തോടെ മുന്നോറുകയാണ്.

1911-ൽ സ്ഥാപിതമാവുകയും 1978-ൽ അപ്പർ പ്രൈമറിയായും, 2013-ൽ സെക്കണ്ടറി സ്കൂളായും അപ്ഗ്രേഡ് ചെയ്ത ഈ വിദ്യാലത്തിൻെറ ഭൗതിക സൗകര്യങ്ങളിലുണ്ടായിരുന്ന പരമിതികൾ മറികടകന്ന് ജില്ലയിലെ മികച്ച ഹൈടെക് ഹൈസ്കൂളായി മാറിയിട്ടുണ്ട്.പ്രീപ്രൈമറി മുതൽ പത്താം ക്ലാസ് വരെ 17 ഡിവിഷനകളിലായി അഞ്ഞൂറോളം കുട്ടികൾ പഠനം നടത്തുന്നുണ്ട്.

പാഠ്യ- പാഠ്യേതര മേഖലകളിൽ മികച്ച നേട്ടം കൈവരിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.വിവിധ മത്സര പരീക്ഷകളിലും,കലാ-കായിക-ശാസ്ത്ര മേളകളിലും,വിവിധ ക്യാമ്പുകളിലുമെല്ലാം സ്കൂളിലെ കുട്ടികൾ സംസ്ഥാന തലംവരെ പങ്കെടുത്തിട്ടുണ്ട്. എൽ എസ് എസ്, യു എസ് എസ്, എൻ എം എം എസ് സ്കോളർഷിപ്പ് പരീക്ഷകളിൽ മികച്ച റിസൾട്ടാണ് സ്കൂളിന് ലഭിച്ച് കൊണ്ടിരിക്കുന്നത്.എസ് എസ് എൽ സി പരീക്ഷകളിൽ മികച്ച റിസൾട്ട് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. 2019-20,2022-23,2023-24,ബാച്ചുകളിൽ നൂറ് ശതമാനമായിരുന്നു റിസൾട്ട്. 2019-20, 2022-23 വർഷങ്ങളിൽ മൂന്ന് കുട്ടികൾ വീതവും, 2023-24ൽ നാല് പേർക്കും,എല്ലാ വിഷയങ്ങളിലും എ പ്ലസ് ഗ്രേഡ് ലഭിച്ചിട്ടുണ്ട്. SSLC പരീക്ഷയിലെ നൂറ് ശതമാനം വിജയത്തിന് അഡ്വ. ടി സിദ്ധിഖ് എം എൽ എ യുടെ എക്സലൻറ്സ് പുരസ്കാരത്തിന് തുടർച്ചയായി രണ്ടാം വർഷവും അർഹത നേടാനും സ്ഥാപനത്തിന് കഴിഞ്ഞു.

ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.ടി കൂട്ടായ്മയായി




കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റിനുള്ള 2023-24 വർഷത്തെ അവാർഡ് വിദ്യാലയത്തിന് ലഭിച്ചു.

സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളിൽ വലിയ മാറ്റം വന്നു.ഹൈസ്കൂൾ വിഭാഗത്തിന് പുതിയ കെട്ടിടം ഉണ്ടാക്കി.പുതിയ ടോയ്‌ലറ്റ്ബ്ലോക്കുകൾ നിർമ്മിച്ചു.പ്രീ പ്രൈമറി,ലൈബ്രറി,ഓഫീസ്,സ്റ്റാഫ്റൂം എന്നിവ നവീകരിച്ചു.ചുറ്റുമതിൽ പുന.നിർമ്മിച്ചു.ശാസ്ത്ര ലാബുകൾ, ഐ ടി ലാബുകൾ എന്നിവ ജില്ലയിൽ തന്നെ ഏറ്റവും മികച്ച ലാബുകളാക്കി ഒരുക്കി.UPS സൗകര്യവും, ഇൻവെർട്ടർ സൗകര്യവും നിലവിലുണ്ട്. സ്കൂൾ ബസ് സൗകര്യവും ഇന്ന് വിദ്യാലയത്തിനുണ്ട്.







എസ് എസ് എൽ സി പരീക്ഷയിൽ നൂറ് ശതമാനം വിജയ നേട്ടത്തിന് അഡ്വ. ടി സിദ്ധിഖ് എം എൽ എ യുടെ എക്സലൻറ്സ് പുരസ്കാരം തുടർച്ചയായി കഴിഞ്ഞ രണ്ട് വർഷവും വിദ്യാലയത്തിന് ലഭിച്ചു.

## പ്രതിഭകൾ








എസ് എസ് എൽ സി പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടിയ 2023-24 ബാച്ചംഗങ്ങൾ അധ്യാപകർക്കൊപ്പം.
എല്ലാ വിഷയങ്ങൾക്കും ഫുൾ എ പ്ലസ് നേടിയ ആയിഷ തഹ്‌ലിയ,അൻഷിത കെ,ഫൈറൂസ ഫാത്തിമ,അയിഷ ഷമീമ




സംസ്ഥാന സ്കൂൾ കലോത്സവത്തിൽ എ ഗ്രേഡ് നേടിയ ഫാത്തിമത്തു ഫർഹാന (ഉർദു പ്രസംഗം, ഉർദു കഥാരചന) മുബഷിറ പി പി(ഉർദു ഉപന്യാസം)




യു എസ് എസ് സ്കോളർഷിപ്പിന് അർഹത നേടിയ ആദില ഫാത്തിമ, ഫാത്തിമ ഷിഫാന




എൽ എസ് എസ് വിജയി
മിൻഹ ഫാത്തിമ



ലിറ്റിൽ കൈറ്റ്സ് സംസ്ഥാന ക്യാമ്പിൽ പങ്കെടുത്ത മുഹമ്മദ് നാഫിൽ,
ജില്ലാ ക്യാമ്പിൽ പങ്കെടുത്ത മുഹമ്മദ് അൽത്താഫ്, റിസ്‌വാന ഷെറിൻ



ജില്ലാ സ്കൂൾ കലോത്സവത്തിൽ
ഉർദു ക്വിസിൽ ഒന്നാം സ്ഥാനം
നേടിയ നിതാ ഫാത്തിമ



ജില്ലാ സ്കൂൾ ശാസ്ത്രോത്സവത്തിൽ സ്റ്റിൽ മോഡലിൽ എ ഗ്രേഡോടെ മൂന്നാം സ്ഥാനം
നേടിയ ഫാത്തിമ ഫർഹ,ശിവന്യ കെ എസ്,അഗർബത്തി നിർമ്മാണത്തിൽ എ ഗ്രേഡ്
നേടിയ ആയിഷ ഹഫ്ന, ക്ലേ മോഡലിംഗിൽ എ ഗ്രേഡ് നേടിയ സയന ലക്ഷ്മി.




ജില്ലാ സ്കൂൾ ശാസ്ത്രോത്സവത്തിൽ അനിമേഷൻ മത്സരത്തിൽ പങ്കെടുത്ത മുബ
ഷിറ പി പി,ജില്ലാ തല ക്വിസ് മത്സരത്തിൽ പങ്കെടുത്ത ഫിദാ ഫാത്തിമ,മുനവ്വിറ



ഉപജില്ലാ കായികമേളയിൽ (എൽ പി) വ്യക്തിഗത ചാമ്പ്യൻ നമീറ
നസ്റിൻ.ഹൈജമ്പിൽ ജില്ലാ തലത്തിൽ പങ്കെടുത്ത അജന്യ.



ഉപജില്ലാ സ്കൂൾ ശാസ്ത്രോത്സവത്തിൽ എൽ പി - കളക്ഷനിൽ എ ഗ്രേഡോടെ
രണ്ടാം സ്ഥാനം നേടിയ ഫാത്തിമത്ത് ഹാഫിസ,മിസ്ന ഫാത്തിമ. മലയാളം
ടൈപ്പിംഗിൽ മൂന്നാം സ്ഥാനം നേടിയ മുഹമ്മദ് അൽത്താഫ്.



കേരള ശുചിത മിഷൻ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിച്ച
ക്വിസ് മത്സരത്തിൽ ശിവന്യ കെ എസ് ഒന്നാം സ്ഥാനവും,
ഫർഹ ഇ മൂന്നാം സ്ഥാനവും നേടി



സംസ്ഥാന തല ഉർദു ടാലൻറ് പരീക്ഷയിൽ എ ഗ്രേഡ് നേടിയ
സഫ്‌വാൻ പി കെ,നിദാ ഫാത്തിമ,റിസ്‌വാന ഷെറിൻ



പ്രീപ്രൈമറി ടാലൻറ് പരീക്ഷയിൽ ഒന്നാം സ്ഥാനം നേടിയ
അഹമ്മദ് നബാൻ (LKG) ,നിയാ ഫാത്തിമ (UKG)



വയനാട് ജില്ലാ കലോത്സവത്തിൽ പങ്കെടുത്ത നാല് ഇനങ്ങളിലും എ ഗ്രേഡോടെ ഒന്നാം സ്ഥാനം നേടിയ ടീം ജി എച്ച് എസ് കുറുമ്പാല



2024-25 അധ്യയന വർഷത്തെ എക്സെലൻറ്സ് ഓഫ് ഇയർ പുരസ്കാരം നേടിയ പ്രതിഭകൾ



വൈത്തിരി സബ് ജില്ലാ കലോത്സവത്തിൽ എൽ പി- അറബിക് - ചാമ്പ്യൻമാരായ ടീം ജി എച്ച് എസ് കുറുമ്പാല



വൈത്തിരി സബ് ജില്ലാ കലോത്സവത്തിൽ മികച്ച പ്രകടനം നടത്തിയ ടീം ജി എച്ച് എസ് കുറുമ്പാല



വൈത്തിരി സബ് ജില്ലാ ശാസ്ത്രോത്സവത്തിൽ മികച്ച പ്രകടനം നടത്തിയ ടീം ജി എച്ച് എസ് കുറുമ്പാല



സബ് ജില്ലാ കലോത്സവം അറബിക് - കഥ പറയൽ- ഒന്നാം സ്ഥാനം നേടിയ മുഹമ്മദ് നുഅ്മാൻ



ദീപിക ദിനപത്രം- കളറിംഗ് മത്സര വിജയികൾ-



സ്റ്റാർ ഗ്രൂപ്പംഗങ്ങൾ



ലിറ്റിൽ കൈറ്റ്സ് ഗ്രൂപ്പംഗങ്ങൾ



SSSS ഗ്രൂപ്പംഗങ്ങൾ



നവീകരിച്ച ലൈബ്രറി & റീഡിംഗ് റൂം



ഐ ടി ലാബ്



ഹൈ ടെക് ക്ലാസ് റൂം



നവീകരിച്ച പ്രീപ്രൈമറി



നവീകരിച്ച സ്റ്റാഫ് റൂം




സ്കൂൾ ബസ്



തനത് പ്രവർത്തനങ്ങൾ

## സബ്ജക്ക് ക്ലിനിക്ക്,അക്ഷരക്കൂട്ട്,പൊലിമ

പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്ക് ആവശ്യമായ കൈത്താങ്ങ് നൽകി അവരെ ഉയർത്തികൊണ്ട് വരിക എന്ന ഉദ്ദേശ്യത്തോടെ സബ്ജക്ക് ക്ലിനിക്ക്,അക്ഷരക്കൂട്ട്,പൊലിമ എന്നീ പരിപാടികൾ നടത്തുന്നു.

## സ്റ്റാർ പദ്ധതി



അക്കാദമിക നിലവാരം മെച്ചപ്പെടുത്തുക, കുട്ടികൾക്ക് പ്രോത്സാഹനവും പിന്തുണയും നൽകി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ നടത്തുന്ന പരിപാടിയാണ് സ്റ്റാർ പദ്ധതി. കുട്ടികളുടെ പഠന നിലവാരം വിലയിരുത്തി, നിശ്ചിത ശതമാനത്തിലേറെ സ്കോർ നേടി മികവ് പുലർത്തുന്നവർക്ക് എല്ലാ മാസവും പ്രത്യേക ചടങ്ങിൽ എക്സലൻറ്,Good,സ്റ്റാർ എന്നീ സ്റ്റാറുകൾ അണിയിച്ച് അനുമോദിക്കുന്നു.

## പിറന്നാളിനൊരു പൂച്ചട്ടി



വിദ്യാലയത്തിൻെറ സൗന്ദര്യവത്ക്കരണത്തിൽ കുട്ടികളുടെയും രക്ഷിതാക്കളുടെയും പങ്കാളിത്തംഉണ്ടാക്കുക,വിദ്യാലയം ഒരു ഹരിത ഉദ്യാനമാക്കുക എന്ന ഉദ്ദേശ്യത്തോടെ നടപ്പിലാക്കിയ ഈ പദ്ധതി കഴിഞ്ഞ രണ്ട് വർഷമായിട്ട് തുടരുകയാണ്.കുട്ടികളും അധ്യാപകരും അവരുടെ പിറന്നാൾ ദിനത്തിൽ സ്കൂളിലേക്കായി ഒരു പൂച്ചട്ടി സമ്മാനിക്കുന്നു.ഇത്തരത്തിൽ ധാരാളം പൂച്ചട്ടികൾ സ്കൂളിൽ ലഭിച്ചിട്ടുണ്ട്.

## ഇല്ലുമിനേഷൻ അവാർഡ്



അനിമേഷൻ മേഖലകളിൽ പ്രതിഭയുള്ള കുട്ടികളെപ്രോത്സാഹിപ്പിക്കുക, അംഗീകരിക്കുക,സാങ്കേതിക ശേഷികൾ ശരിയായ രൂപത്തിൽ ഉപയോഗപ്പെടുത്തി സാമൂഹിക പ്രതിബദ്ധതയുള്ളവരാക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ മുൻനിർത്തി ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിൻെറ തനത് പ്രവർത്തനമായി 'എൽ കെ ഇല്ലുമിനേഷൻ അവാർഡ്' എന്ന പുരസ്കാരം ഏർപ്പെടുത്തി വരുന്നു.വയനാട് ജില്ലയിലെ ഗവൺമെൻറ്,എയ്ഡഡ് സ്കൂളുകളിലെ ഹൈസ്കൂൾ വിഭാഗം കുട്ടികൾക്കായി അനിമേഷൻ മത്സരം നടത്തിയാണ് പുരസ്കാര ജേതാവിനെ തെരഞ്ഞെടുക്കുന്നത്.